പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം : 1061 — 12.03.2015 ൽ മറുപടിക്ക്

## ലൈബ്രേറിയന്മാരില്ലാത്ത കോളേജുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി : | ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ലൈബ്രേറിയന്മാരില്ലാത്ത എത്ര കോളേജുകൾ ഉണ്ട് ; പ്രസ്തുത കോളേജുകളിലെ ലൈബ്രറികളിൽ പുസ്തക വിതരണത്തിന് എന്ത് ക്രമീകരണമാണുള്ളത് ; | (എ) സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് കോളേജുകളിലും ലൈബ്രേറിയൻ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. എയ്ഡഡ് മേഖലയിലെ എല്ലാ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും ലൈബ്രേറിയൻമാർ പ്രവർത്തിച്ചുവരുന്നു. സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ കോമൺപൂൾ ലൈബ്രറി സർവ്വീസിൽ നിന്നാണ് ലൈബ്രേറിയൻമാരെ നിയമിക്കുന്നത്. ചില പ്രത്യേക സാഹചര്യങ്ങളിൽ ലൈബ്രേറിയൻമാർ സ്ഥലം മാറ്റമോ/ തസ്തിക കയറ്റമോ നേടുമ്പോൾ ഉണ്ടാകുന്ന ഒഴിവ് സർക്കാരിനെ അറിയിക്കുന്നതിനോടൊപ്പം ലൈബ്രറിയുടെ ചുമതല സ്ഥാപന മേധാവി നേരിട്ടോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരോ നിർവഹിക്കുകയാണ് ചെയ്തുവരുന്നത്. |
| (ബി) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് കോളേജുകളിലെ ലൈബ്രേറിയൻമാർക്ക് നെറ്റ് യോഗ്യത നിർബന്ധമാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (ബി) ഉണ്ട്. സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള യു.ജി.സി. തസ്തികകളിലേക്ക് ലൈബ്രേറിയൻ ഗ്രേഡ് I ആയി സേവനവും യു.ജി.സി. അനുശാസിക്കുന്ന യോഗ്യതയുമുള്ളവർക്ക് നിയമനം നൽകിവരുന്നു. സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിലെ യു.ജി.സി. ലൈബ്രേറിയൻമാർക്ക് MLISc യിൽ 55% മാർക്കും നെറ്റ് യോഗ്യതയുമാണ് ആവശ്യമുള്ളത്. എന്നാൽ നെറ്റ് യോഗ്യത ഇല്ലാത്തപക്ഷം Ph.D യോഗ്യത നിർബന്ധമാണ്. |

സെക്ഷൻ ഓഫീസർ